# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 540** — **08.08.2017-ൽ മറുപടിയ്ക്ക്**

## കോതമംഗലം മണ്ഡലത്തിലെ റാഡോ ടയേഴ്സ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആന്റണി ജോൺ** | **ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി)** |
| എ) കോതമംഗലം മണ്ഡലത്തിലെ ഏക വ്യവസായ സ്ഥാപനമായ സീയറ്റിന്റെ ഉടമസ്ഥതയിലുള്ള റാഡോ ടയേഴ്സ് പ്രവർത്തനം നിർത്തിവച്ചിട്ടുള്ളതും പ്രസ്തുത സ്ഥാപനം അടച്ചുപൂട്ടുന്നതിന്റെ ഭാഗമായി 300-ഓളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥയിലേക്ക് മാനേജ്മെന്റ് നടപടി സ്വീകരിച്ചുവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. 1998-ൽ സീയറ്റ് റാഡോ ടയേഴ്സ് ഏറ്റെടുക്കുകയും 16 വർഷം നഷ്ടത്തിലായിരുന്നിട്ടും കമ്പനി തുടർന്ന് പ്രവർത്തിച്ചിരുന്നു എങ്കിലും പരിസര മലിനീകരണം എന്നുള്ള നാട്ടുകാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ 2016 മാർച്ച് 20-ന് നെല്ലിക്കുഴി പഞ്ചായത്ത് സ്റ്റോപ്പ് മെമ്മോ നല്കിയതിനാലാണ് സ്ഥാപനം പ്രവർത്തിക്കാതായത്. കമ്പനി പുനരുദ്ധരിക്കുവാൻ അഡീഷണൽ ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ യോഗം ചേർന്നെങ്കിലും CEAT-ന് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം തുടർന്ന് പ്രവർത്തിക്കുവാൻ താല്പര്യമില്ലെന്ന് പ്ലാന്റ് മാനേജർ അറിയിച്ചിട്ടുണ്ട്. |
| ബി) സർക്കാർ ഈ പ്രശ്നത്തിൽ വിളിച്ചു ചേർത്ത അനുരഞ്ജന ചർച്ചയിൽ എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്; | ബി) യും സി) യും പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി 2017 ആഗസ്റ്റ് 9 ന് ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ CEAT മാനേജ്മെന്റിനെ ഉൾപ്പെടുത്തി അനുരഞ്ജന യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത തീരുമാനങ്ങളിൽ ഏതെല്ലാം നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ? | |

**സെക്ഷൻ ഓഫീസർ**